പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5792 25.05.2017- ൽ മറുപടിക്ക്

"പി.എം.ഇ.ജി.പി പദ്ധതി"

ചോദ്യം

ശ്രീ.എൻ. വിജയൻ പിള്ള

ഉത്തരം

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പി.എം.ഇ.ജി.പി പദ്ധതിയിൽ സംരംഭകനെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകി ബാങ്ക് വായ്പ തരപ്പെടുത്തി കൊടുക്കുന്നതു വരെയുമുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഏറ്റെടുക്കുമോ; 2006-11 കാലത്തുണ്ടായിരുന്ന ഹാൻഡ് ഹോൾഡിംഗ് പദ്ധതി നിലവിൽ തുടർന്നുവരുന്നുണ്ടോ; | എ) | പ്രൈമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം(പി.എം.ഇ.ജി.പി) പദ്ധതിയിൽ സംരംഭകനെ തെരഞ്ഞെടുക്കുന്നതിനായുള്ള ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി (ഡി.എൽ.റ്റി.എഫ്.സി), പരിശീലനത്തിനായുള്ള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം(ഇ.ഡി.പി) തുടങ്ങി ബാങ്ക് വായ്പ ലഭ്യമാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. ബ്ലോക്ക് /മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ വ്യവസായ വികസന ഓഫീസർമാർ വഴി ഹാൻഡ്ഹോൾഡിംഗ് പദ്ധതി തുടർന്ന് വരുന്നു. |
| ബി) | പരിശീലനം കഴിഞ്ഞ് സംരംഭകൻ വായ്പക്കായി ബാങ്കിനെ സമീപിക്കുമ്പോൾ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | കൊല്ലം ജില്ലയിൽ ഇത്തരത്തിലുള്ള കേസുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ